**പോലീസ് കേരളം വകുപ്പ്**

**No. E2-12806/2019/KAP-V(1)**

കേരള ആംഡ് പോലീസ് ബറ്റാലിയൻ-V,
ഇടുക്കി
cmdtkap5.pol@kerala.gov.in
04869233072
തീയതി. 19-10-2020

**ലേല പരസ്യം 3/2020**

കെഎപി 5ആം ബറ്റാലിയൻറെ അധീനതയിൽ ഉള്ളതും,കാലഹരണപ്പെട്ടതുമായ താഴെ പറയുന്ന ഡിപ്പാർട്മെൻറ് വാഹനങ്ങൾ 18/11/2020 തീയതി 11 മണിക്ക് കെഎപി V ബറ്റാലിയൻ ഡിറ്റാച്ച്മെന്റ് ക്യാംപായ മണിയാർ വെച്ച് നിയമാനുസൃതമായ കോവിഡ് 19 പ്രോട്ടോക്കോൾ കർശനമായി പാലിച്ച് കൊണ്ട് പരസ്യമായി ലേലം ചെയ്തു വില്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | വാഹനത്തെ സംബന്ധിച്ച് | മോഡൽ | നിരത ദ്രവ്യം |
|---|---|---|---|
| 1 | KL 01 X 9081 AMBASSADOR CAR | 2002 | 1,200 |
| 2 | KL 01 AA 9406 AMBASSADOR CAR | 2003 | 1,250 |
| 3 | KL 01 X 9453 MAHINDRA JEEP | 2002 | 1,500 |
| 4 | KL 01 S 842 MAHINDRA JEEP | 2000 | 1,500 |
| 5 | KL 01 AB 5077 TATA 1512 BUS | 2003 | 6,700 |
| 6 | KL 01 X 9496 TATA 709 BUS | 2002 | 4,800 |
| 7 | KL 01 X 9937 TATA 709 BUS | 2002 | 5,000 |
| 8 | KL 01 X 9998 TATA 709 BUS | 2002 | 5,000 |
| 9 | KL 01 Y 9118 TATA 709 BUS | 2002 | 5,000 |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മേൽ പറഞ്ഞ നിരക്കിലുള്ള നിരത ദ്രവ്യം ലേലം ആരംഭിക്കുന്ന സമയത്തിന് ഒരു മണിക്കൂർ മുൻപായി ലേല സ്ഥലത്തു നേരിട്ടു ഹാജരാകേണ്ടതും, മുകളിൽ ഓരോ വാഹനത്തിനുനേരെ കാണിച്ചിരിക്കുന്ന തുക നിരത ദ്രവ്യമായി ലേല സ്ഥലത്തു അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലം തുടങ്ങുന്നതിന് മുൻപ് അവരുടെ തിരിച്ചറിയൽ രേഖകളും മേൽ വിലാസം തെളിക്കുന്ന സർട്ടിഫിക്കറ്റ് ലേലം നടത്തുന്ന ഉദ്യോഗസ്ഥനെ കാണിച്ചു ബോധ്യപ്പെടുത്തേണ്ടതാണ്.

കൂടാതെ ടി ലേലത്തിൽ സീൽ ചെയ്ത ദർഘാസുകളും സ്വീകരിക്കുന്നതാണ്. ലേല ദിവസത്തിന് 4 ദിവസം മുൻപയി കിട്ടത്തക്ക വിധം സീൽ ചെയ്ത കവറിൽ ദർഘാസ് നേരിട്ടോ തപാൽ മാർഗമോ കിട്ടിക്കാനത്തുള്ള കമാണ്ടൻറിൻറെ കാര്യാലയത്തിലേക്ക് അയക്കേണ്ടതും കവറിനു പുറത്ത് "മോട്ടോർ വാഹന ലേലത്തിനുള്ള ദർഘാസ് 3/2020" എന്നു വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ ഏതിലാണ് കൂടുതൽ തുക ഉള്ളത് ആയതിനു ലേലം തൽക്കാലികമായി ഉറപ്പിക്കാവുന്നതാണ്. ലേലം കഴിഞ്ഞാലുടൻ ലേലം/ടെണ്ടർ കൊണ്ടയാൾ ലേലസംഖ്യയുടെ പകുതി തുക (നിരതദ്രവ്യം കഴിച്ച്) ലേല സ്ഥലത്തു തന്നെ അടച്ച് രസീത് വാങ്ങേണ്ടതും ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം നിയമാനുസൃതമായ വില്പന നികുതി അടക്കം മുഴുവൻ തുകയും അടച്ച് സ്വന്തം ചെലവിൽ ലേല വസ്തുകൾ കൊണ്ടുപോകേണ്ടതാണ്.

എന്തെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ ലേല നിർബന്ധനകൾ ലംഘിക്കുവാണെങ്കിൽ, ടിയാൻ അടച്ച തുക സർക്കാറിന് മുതൽ കൂട്ടുന്നതും വാഹനം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. അപ്രകാരമുള്ള പുനർ ലേലത്തിൽ സർക്കാറിന് എന്തെങ്കിലും നഷ്ടം സംഭവിക്കുവെങ്കിൽ ആയതിനു മുൻ ലേലക്കാരൻ ഉത്തരവാദിയാകുന്നതും പ്രസ്തുത നഷ്ടം ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്. പുനർ ലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ടിയാൻ അതിനു അവകാശി ആയിരിക്കുന്നതല്ല.

മേൽ പറഞ്ഞ വാഹനങ്ങൾ ലേല തീയതിയുടെ തൊട്ട് മുൻപുള്ള 05 പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ കമാൻഡൻറിൻറെ അനുമതിയോട് കൂടി പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലം മാറ്റി വെയ്ക്കുന്നതിന് കമാൻഡൻറ് കെഎപി 5 ബറ്റാലിയന് അധികാരമുണ്ടായിരിക്കുന്നതും ലേലം സംബന്ധിച്ച് കമാണ്ടൻറിൻറെ തീരുമാനം അന്തിമം ആയിരിക്കും.

Radhakrishnan K
കമാണ്ടൻറ്

സ്വീകർത്താവ് : 1. സംസ്ഥാന പോലീസ് മേധാവി, കേരള, തിരുവനന്തപുരം, അറിവിലേക്കായി (ആമുഖ കത്ത് പ്രകാരം), 2. അഡിഷനൽ പോലീസ് ഡയറക്ടർ ജനറൽ (എപിബി) അറിവിലേക്കായി (ആമുഖ കത്ത് പ്രകാരം), 4. എല്ലാ ജില്ല പോലീസ് മേധാവിമാർക്കും, എല്ലാ സിറ്റി പോലീസ് കമ്മീഷ്ണർമാർക്കും, ബറ്റാലിയൻ കമാണ്ടർമർക്കും ആവിശ്യമായ പരസ്യത്തിനായി. 5. പോലീസ് സൂപ്രണ്ട് (എംടി), പോലീസ് ആസ്ഥാനം തിരുവനന്തപുരം (ആമുഖ കത്ത് പ്രകാരം), 6. ഡയറക്ടർ, എസ്സിആർബി, തിരുവനതപുരം, അറിവിലേക്കായി(ആമുഖ കത്ത് പ്രകാരം), 7. സൂപ്രണ്ട്, ഗവൺമെൻറ് പ്രസ്സ്, തിരുവനന്തപുരം ആവിശ്യമായ പരസ്യത്തിനായി (ആമുഖ കത്ത് പ്രകാരം), 8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഓഫീസർ, തിരുവനന്തപുരം ആവിശ്യമായ പരസ്യത്തിനായി (ആമുഖ കത്ത് പ്രകാരം), 9. അസിസ്റ്റൻറ് കമാൻഡൻറ് (ക്യൂഎം) കെഎപി 5 ബറ്റാലിയൻ അറിവിലേക്കും അവിശ്യമായ പരസ്യം നൽകുന്നതിനും വേണ്ടി. 10. ജില്ല പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി, കോട്ടയം, പത്തനംതിട്ട എന്നിവർക്ക് വിവിധ പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്(ആമുഖ കത്ത് പ്രകാരം), 11. കാഷ്യർ, സ്റ്റോർ അക്കൌണ്ടൻറ് അറിവിലേക്കായി. 12. നോട്ടീസ് ബോർഡ്.

പകർപ്പ് : ബിടിഒ കെഎപി 5 ബറ്റാലിയൻ അറിവിലേക്കായി.